(എ) ഉണ്ട്. വാഹനാപകട കേസുകൾ അന്വേഷിക്കുന്നതും പ്രോസിക്യൂഷൻ നടപടികൾ എടുക്കുന്നതും പോലീസ് വകുപ്പാണ്. ഇതിന്റെ ഭാഗമായി അപടകത്തിൽപ്പെടുന്ന വാഹനങ്ങൾ മോട്ടോർവാഹന വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും അപകടകാരണം യന്ത്രതകരാറു കൊണ്ടാണോ അല്ലയോ എന്ന് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു.

റോഡപകടങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിലേക്കായി പോലീസ്, ഗതാഗത, പൊതുമരാമത്ത് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് റോഡ് സുരക്ഷാ കമ്മീഷണർ ചെയർമാനും, ഐ.ജി. (ട്രാഫിക്), പൊതുമരാമത്ത് വകുപ്പിലെ ദേശീയപാത, റോഡ്സ് വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാർ അംഗങ്ങളുമായി സംസ്ഥാനതല റോഡപകട അവലോകന സമിതിയും, ജില്ലാതലത്തിൽ ജില്ലാ പോലീസ് മേധാവി ചെയർമാനായും, ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ അംഗങ്ങളായി ജില്ലാ റോഡപകട അവലോകന സമിതിയും രൂപീകരിച്ചിട്ടുണ്ട്. അടിക്കടിയുണ്ടാകുന്ന റോഡപകടങ്ങൾ സംബന്ധിച്ച വസ്തുതകളേയും, സാഹചര്യങ്ങളെയും കുറിച്ച് പഠനം നടത്തുന്നതിലേക്കായി ഒരു അന്വേഷണ കമ്മീഷനെയും നിയോഗിച്ചിട്ടുണ്ട്.

(ബി) ഡ്രൈവർമാരുടെ പരിചയക്കുറവ്, അപകട സാദ്ധ്യത തിരിച്ചറിയുന്നതിലേക്കുള്ള സൂചകങ്ങളുടെ അഭാവം, അശ്രദ്ധ, അപകടകരമായ ഡ്രൈവിംഗ്, അമിതവേഗത മുതലായ കാരണങ്ങൾ 2013-ൽ റോഡപകടങ്ങൾക്ക് കാരണമായി വെളിപ്പെട്ടിട്ടുണ്ട്.

(സി) മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് മോട്ടോർ വാഹന വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുവാൻ ആൽക്കോ മീറ്റർ ഇപ്പോൾത്തന്നെ ഉപയോഗിക്കുന്നുണ്ട്. എന്നിരുന്നാലും വാഹനാപകട കേസുകൾ അന്വേഷിക്കുന്നതും പ്രോസിക്യൂഷൻ നടപടികൾ എടുക്കുന്നതും പോലീസ് വകുപ്പായതിനാൽ അത്തരത്തിൽ ഒരു വിവരശേഖരണം മോട്ടോർ വാഹന വകുപ്പ് നടത്തിയിട്ടില്ല. ഭാവിയിൽ പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ ഒരു വിവര ശേഖരണവും അതിനനുസരിച്ച് നടപടിയും എടുക്കുന്നതാണ്.

വനിതാ പോലീസ് സേനയ്ക്ക് കൂടുതൽ അധികാരങ്ങൾ

30 (*750) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ പോലീസ് സേനയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഭാഗമായി വനിതാ ഓഫീസർമാർക്ക് പോലീസ് സ്റ്റേഷന്റെ ചുമതല നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) എന്തെല്ലാം ചുമതലകളും അധികാരങ്ങളുമാണ് ഇതുവഴി വനിതാ ഓഫീസർമാർക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്ന് മുതലാണ് പ്രസ്തുത സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) വനിതാ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിച്ച് കൂടുതൽ അധികാരം നൽകുന്നതിനുള്ള വിവിധ പദ്ധതികൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി 120 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെയും വനിതാ സബ് ഇൻസ്പെക്ടർമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള 4 വനിതാ പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ എസ്. ഐ-മാർക്കാണ്. കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും അന്വേഷണം നടത്തുന്നതിനുമുള്ള അധികാരം വനിതാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കുണ്ട്. കൂടാതെ നിശ്ചിത യോഗ്യതകളും ഡ്രൈവിംഗ് ലൈസൻസുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരെ പോലീസ് വകുപ്പിലെ വാഹനം ഓടിക്കുന്നതിനായി നിയോഗിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വനിതാ ഹെൽപ്പ് ഡെസ്ക്കുകളിൽ പരാതികൾ സ്വീകരിക്കുന്നതിനും അവ രേഖപ്പെടുത്തുന്നതിനും അതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം വനിതാ പോലീസിനുണ്ട്.

(ബി) വനിതാ പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(സി) സ്ത്രീകൾ വാദികളും പ്രതികളുമായി വരുന്ന കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്നതിനുള്ള അധികാരം വനിതാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കുണ്ട്. വനിതാ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി അത് ഉൾപ്പെടുന്ന ജില്ല മുഴുവൻ ആയിരിക്കും.

(ഡി) നിലവിൽ 4 വനിതാ പോലീസ് സ്റ്റേഷനുകളിൽ (തിരുവനന്തപുരം സിറ്റി. എറണാകുളം സിറ്റി. തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly